# കളരി

07 ഏപ്രിൽ 2022
Vol: 44 | Issue: 01

കേരള സർവ്വകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം




പേജ്: 02 ഹിജാബ്


പേജ്: 04 കീല



പേജ്: 05 ഓസ്കാർ 2022


പേജ്: 06 ശ്രീ'ശാന്തം'


## 26-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ആവേശോജ്ജ്വലമായ കൊടിയിറക്കം

» സുവർണ്ണചകോരം കരസ്ഥമാക്കി *ക്ലാര സോളാ*

» പ്രേക്ഷക പ്രീതി നേടി വിനോദ് രാജ് സംവിധാനം ചെയ്ത *കൂഴങ്കൽ*

**അനുജ പി.എസ്.**



*മന്ത്രി കെ.എൻ ബാലഗോപാലിൽ നിന്ന് അവാർഡ് സ്വീകരിക്കുന്ന വിനോദ് രാജ്*

**തിരുവനന്തപുരം:** മാർച്ച് 18നു ആരംഭിച്ച 26-ാമത് രാജ്യാന്തര ചലച്ചിത്ര മേള 25ന് സമാപിച്ചപ്പോൾ നതാലി ആൽ വാരെസ് സംവിധാനം ചെയ്ത കോസ്റ്ററിക്കൻ ചിത്രമായ *ക്ലാരാ സോളാ* സുവർണ ചകോരം കരസ്തമാക്കി. മികച്ച നവാഗത സംവിധായികയ്ക്കുള്ള രജത ചകോരം പുരസ്കാരവും നതാലിയെ തേടിയെത്തി. വിനോദ് രാജ് സംവിധാനം ചെയ്ത *കൂഴങ്കൽ* പ്രേക്ഷകപ്രീതി ഉൾപ്പടെ മൂന്നു പുരസ്കാരങ്ങൾ നേടി.

പതിനാല് സ്ക്രീനുകളിലായി 120ൽപരം സിനിമകളാണ് എട്ടു ദിവസം നീണ്ടു നിന്ന മേളയിൽ പ്രദർശിപ്പിച്ചത്. മാർച്ച് 18ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഐഎസ്ഐഎസ് തീവ്രവാദികളുടെ ആക്രമണത്തിൽ ഇരുകാലുകളും നഷ്ടപ്പെട്ട കുർദിഷ് സംവിധായിക ലിസ ചലാന് ചലച്ചിത്ര അക്കാദമി സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് നൽകി ആദരിച്ചതും, നടി ഭാവന ഉദ്ഘാടന വേദിയിൽ സന്നിഹിതയായതും സിനിമാരാഷ്ട്രീയം പെൺപോരാട്ടത്തിനൊപ്പമാണെന്ന നിശബ്ദ പ്രഖ്യാപനമായി. 26ാമത് മേളയുടെ ആകർഷണങ്ങളിലൊന്നയിരുന്നു സംഘർഷഭരിതമായ ദേശങ്ങളിലെ ജീവിതം പകർത്തുന്ന ഫിലിംസ് ഫ്രം കോൺഫ്ളിക്റ്റ് എന്ന പാക്കേജ്. മത്സരിച്ച ചിത്രങ്ങളിൽ കുടുതലും സ്ത്രീ, പുതുമുഖ സംവിധായകരുടേതായിരുന്നു എന്നതാണ് മേളയുടെ മറ്റൊരു ആകർഷണം.

സുവർണ ചകോരം കരസ്തമാക്കിയ *ക്ലാരാ സോളാ*, പുരുഷാധിപത്യ സാമൂഹികക്രമങ്ങളെ ചോദ്യം ചെയ്യുമ്പോൾ ലിംഗ രാഷ്ട്രീയവും ശരീര രാഷ്ട്രീയവും വിജയകരമായി ആവിഷ്കരിക്കുന്ന '*കാമില കംസ് ഔട്ട് ടുനൈറ്റ്*' എന്ന ചിത്രത്തിലൂടെ മികച്ച സംവിധായകനുള്ള 'രജത ചകോരം' അർജന്റീനിയൻ സംവിധായകൻ ഇനെസ് ബാരിയോന്യൂവോ നേടി. കൃഷാന്ദ് ആർ കെ സംവിധാനം ചെയ്ത *ആവാസവ്യൂഹം* മികച്ച മലയാള ചിത്രത്തിനുള്ള നെറ്റ്പാക് അവാർഡും ഫിപ്രസി അവാർഡും നേടി. ഇന്ത്യയിൽ നിന്നുള്ള മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം *ഐ ആം നോട്ട് ദി റിവർ ഝലം* എന്ന ചിത്രത്തിലൂടെ പ്രഭാഷ് ചന്ദ്രയ്ക്കും *നിഷിദ്ധോ* എന്ന ചിത്രത്തിലൂടെ താര രാമാനുജനും ലഭിച്ചു.

ബോളിവുഡ് താരം നവാസുദ്ധീൻ സിദ്ധിഖി മുഖ്യാതിഥിയായി എത്തിയ സമാപന ചടങ്ങ് ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരൻ ടി പത്മനാഭൻ വിശിഷ്ടാതിഥിയായി.

## എംസിജെ മെറിറ്റ് അവാർഡ് വിതരണം ചെയ്തു

**അരുൺ മഹാദേവ്**



*ശ്രുതി സുരേഷ് (നടുക്ക്), പാർവതി. എസ് (വലത്) എന്നിവർ ഡോ. ജെ. വി വിളനിലത്തിൽ നിന്ന് അവാർഡ് സ്വീകരിക്കുന്നു.* ***-ഗോകുൽ ജെ.എസ്.***

**കാര്യവട്ടം:** കേരള സർവ്വകലാശാല മുൻ വൈസ് ചാൻസലറും കാര്യവട്ടം ക്യാമ്പസിലെ കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പ് മുൻ മേധാവിയുമായ പ്രൊഫസർ (ഡോ.) ജെ. വി വിളനിലം, കമ്മ്യൂണിക്കേഷൻ & ജേർണലിസത്തിൽ ഒന്നാം സ്ഥാനത്തോടെ ബിരുദാനന്തര ബിരുദം നേടിയവർക്കുള്ള അവാർഡ് സമ്മാനിച്ചു. കാര്യവട്ടം ക്യാമ്പസിലെ ക്ലിഫിലെ ഇ. കെ ജാനകി അമ്മാൾ സെമിനാർ ഹാളിൽ വച്ച് നടന്ന 'മെറിറ്റ് മീറ്റ്' എന്ന പരിപാടിയിലാണ് 2018-2020, 2019-2021 ബാച്ചുകളിൽ യഥാക്രമം ഒന്നാം സ്ഥാനം നേടിയ ശ്രുതി സുരേഷ്, പാർവതി. എസ് എന്നിവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും കൈമാറിയത്. എംസിജെ അലുംനി അസോസിയേഷനും കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പും സംയുക്തമായി നടത്തിയ അവാർഡ് ദാന ചടങ്ങ് കോവിഡിന് ശേഷം ഡിപ്പാർട്മെന്റ് മുഴുവൻ ഒരുമിച്ച് പങ്കെടുക്കുന്ന ആദ്യത്തെ പൊതുപരിപാടിയായിരുന്നു. ഡോ. വിളനിലത്തിന്റെ മുൻ വിദ്യാർത്ഥിയും കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുമായ എ. ഷാജഹാൻ ഐഎസ് ചടങ്ങിലെ മുഖ്യാതിഥിയായിരുന്നു.

വകുപ്പ് മേധാവി ശ്രീ. കെ. എസ് സുരേഷ് ആധ്യക്ഷ്യം വഹിച്ച ചടങ്ങിൽ എംസിജെ അലുംനി അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ഡോ. സംഗീത ഉണ്ണിത്താൻ, കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. നസീബ്. എസ്, ശ്രീമതി. ജെ.മാഗി ജോസഫൈൻ, അവാർഡ് ജേതാക്കളായ പാർവതി. എസ്, ശ്രുതി സുരേഷ് എന്നിവർ സംസാരിച്ചു.

കളരി
07 ഏപ്രിൽ 2022

# യുദ്ധക്കൊയ്ത്ത്

ആഗോള സമ്പദ്‌വ്യവസ്ഥയിൽ റഷ്യ-ഉക്രൈൻ യുദ്ധത്തിന്റെ സ്വാധീനം വ്യക്തമായി കാണാം. ക്രൂഡ് ഓയിൽ വില ഉയരുന്നതും ഓഹരി വിപണിയിലെ കുത്തനെ ഇടിവും ഇതിന്റെ വ്യക്തമായ സൂചനകൾ നൽകുന്നു. സിംഗപ്പൂർ, ജപ്പാൻ, ഫ്രാൻസ്, ജർമ്മനി, യുകെ തുടങ്ങിയ രാജ്യങ്ങളിലെ ഓഹരി വിപണികളുടെ അവസ്ഥയും സമാനമാണ്. വാസ്തവത്തിൽ, യുദ്ധം സൃഷ്ടിച്ച അനിശ്ചിതത്വത്തിന്റെ അന്തരീക്ഷം ആരും മനസ്സിലാക്കുന്നില്ല. വരും ദിവസങ്ങളിൽ സംഭവങ്ങൾ എന്ത് വഴിത്തിരിവിലേക്ക് മാറുമെന്ന് ആർക്കും അറിയില്ല.

യുദ്ധം ചെയ്യുന്ന ഇരുരാജ്യങ്ങളും ക്രൂഡ് ഓയിൽ, ഗ്യാസ്, ഗോതമ്പ് എന്നിവയുടെ വൻകിട കയറ്റുമതിക്കാരായതിനാൽ പ്രതിസന്ധി രൂക്ഷമാവുകയാണ്. യൂറോപ്പ് ഉൾപ്പെടെയുള്ള മറ്റ് പല രാജ്യങ്ങളും അവരിൽ നിന്ന് ഗ്യാസും എണ്ണയും വാങ്ങുന്നു. ഈ സമയത്ത് ക്രൂഡ് ഓയിൽ ബാരലിന് നൂറ്റി മുപ്പത് ഡോളറിന് അടുത്തെത്തി, വരും ദിവസങ്ങളിൽ ഇത് എത്ര ഉയരുമെന്ന് ആർക്കും അറിയില്ല.ഗോതമ്പ്, നിക്കൽ, അലുമിനിയം ലോഹങ്ങൾ എന്നിവയുടെ വില കഴിഞ്ഞ അഞ്ച് ദശകങ്ങളിലെ റെക്കോർഡുകൾ തകർത്തു. ലോകത്തിലെ ഗോതമ്പിന്റെ പതിനാല് ശതമാനം ഉത്പാദിപ്പിക്കുന്നത് റഷ്യയും ഉക്രൈയ്നുമാണ്. അത്തരമൊരു സാഹചര്യത്തിൽ പണപ്പെരുപ്പം എവിടെ പോകുമെന്ന് ആർക്കും അറിയില്ല.

യുദ്ധം മൂലം ആഗോള സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയെക്കുറിച്ചുള്ള ആശങ്കകളും വർദ്ധിച്ചു, കാരണം കോവിഡ് മഹാമാരി ഉണ്ടാക്കിയ പ്രതിസന്ധിയിൽ നിന്ന് മിക്ക രാജ്യങ്ങളും ഇതുവരെ കരകയറിയിട്ടില്ല. യുദ്ധം, മഹാമാരി തുടങ്ങിയ ദുരന്തങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ നശിപ്പിക്കുന്നു എന്നത് ഇപ്പോൾ രഹസ്യമല്ല. പാൻഡെമിക് മൂലമുള്ള വിലക്കയറ്റവും തൊഴിലില്ലായ്മയും ആരെയും കരയിച്ചില്ല! ഇപ്പോഴിതാ അതേ സാഹചര്യം വീണ്ടും ആവർത്തിച്ചതായി തോന്നുന്നു.ക്രൂഡ് ഓയിൽ ഓരോ ദിവസവും പുതിയ റെക്കോർഡുകൾ സൃഷ്ടിക്കുന്നത് ഏറ്റവും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അസംസ്കൃത എണ്ണയുടെ വില കൂടുമ്പോൾ, പെട്രോളിന്റെയും ഡീസലിന്റെയും വില വർധിപ്പിക്കാൻ ഗവൺമെന്റുകൾ നടപടികൾ കൈക്കൊള്ളുകയും അത് സാധാരണ ജീവിതത്തിൽ നിന്നുള്ള എല്ലാത്തരം ബിസിനസ്സുകളെയും നേരിട്ട് ബാധിക്കുകയും ചെയ്യുന്നു.

മരുന്നുകൾ മുതൽ വസ്ത്രങ്ങൾ, യന്ത്രങ്ങൾ, യന്ത്രഭാഗങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ, ചായ, കാപ്പി, വാഹനങ്ങൾ തുടങ്ങിയവ ലോകത്തെ പല രാജ്യങ്ങളിലേക്കും ഇന്ത്യ കയറ്റുമതി ചെയ്യുന്നു. പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ എന്നിവയും ഇറക്കുമതി ചെയ്യുന്നു. ആഗോള വ്യാപാരത്തിൽ, എല്ലാ രാജ്യങ്ങളും ഇപ്രകാരം സമാനമായി പരസ്പരം ആശ്രയിക്കുന്നു.അത്തരമൊരു സാഹചര്യത്തിൽ, വിലകൂടിയ അസംസ്കൃത എണ്ണ ഷിപ്പിംഗ് ചെലവ് വർദ്ധിപ്പിക്കുകയും അതിന്റെ പ്രഭാവം കയറ്റുമതിയെയും ഇറക്കുമതിയെയും ബാധിക്കുകയും ചെയ്യുന്നു. വിലക്കയറ്റവും പണപ്പെരുപ്പ വർദ്ധനവും പ്രാദേശിക ബിസിനസുകളെ ബാധിക്കുന്നു. ആഗോള പേയ്മെന്റ് സംവിധാനത്തിൽ നിന്ന് റഷ്യയെ പുറത്താക്കിയതോടെ പണം നഷ്ടപ്പെടുമോ എന്ന ആശങ്കയിലാണ് വ്യാപാരികളും.

യുദ്ധത്തിന്റെ അനന്തരഫലങ്ങൾ ഇന്ത്യയെയും സ്പർശിക്കുന്നുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില എണ്ണക്കമ്പനികൾ കുത്തനെ കൂട്ടുന്നു. നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ വിലവർദ്ധനയ്ക്ക് ആക്കം കൂട്ടി. എന്നാൽ ജനങ്ങൾക്ക് ഉപകാരപ്രദമായി ഇന്ധനനികുതി കുറയ്ക്കാൻ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തയ്യാറല്ല. മറിച്ച് പരസ്പരം പഴിചാരി ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നു. ഇനി വരാനിരിക്കുന്നത് വിലക്കയറ്റത്തിന്റെ കാലമാണ്. അധികാരത്തോടുള്ള സ്വേച്ഛാധിപതികളുടെ അടങ്ങാത്ത ആഗ്രഹവും യുദ്ധകൊതിയും ദുരിതത്തിലാക്കുന്നത് സാധാരണ ജനങ്ങളെയാണ്.

# ഹിജാബിൻ മറയത്തെ രാഷ്ട്രീയ അജണ്ടകൾ

**ഷഹാന.എം.ടി**

ഇന്ത്യൻ നീതിബോധവും വിശ്വാസങ്ങളും തമ്മിൽ കൈകോർക്കുന്നതിനിടയിൽ, പിന്നിൽ നിന്ന് വിഷപ്പല്ലുകൾ കുത്തിയിറക്കുന്ന വർഗീയപാമ്പുകൾ തന്നെയാണ് ഇന്ത്യയുടെ ശാപം. കർണാടകയിലെ കോളേജുകളിൽ പെട്ടെന്നൊരു ദിവസം ഹിജാബ് നിരോധിച്ചു കൊണ്ടുള്ള സർക്കുലർ ഇറങ്ങുന്നു. ക്ലാസ്സ് റൂമിൽ നിന്ന് പുറത്താക്കിയതിനെതിരെ വിദ്യാർത്ഥിനികൾ സമരം ചെയ്യുന്നതും കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതുമെല്ലാം നിയമവ്യവസ്ഥയുടെ സ്വഭാവികതലങ്ങളാണ്.



*ഫറൂഖ് കോളേജിലെ വിദ്യാർത്ഥിനികൾ*

"ഹിജാബ്, പൂണൂൽ, തുടങ്ങിയവയെല്ലാം സാംസ്കാരിക ചിഹ്നങ്ങളായാണ് കരുതപ്പെടുന്നത്. അതൊന്നും ധരിക്കരുതെന്ന് പറയാനാകില്ല. ഹിജാബിനെ ചർച്ചപ്രമേയമാക്കുന്നത് ഹിന്ദുത്വ അജണ്ടയുടെ ഭാഗമാണ്. ഹിജാബ് ധരിക്കാൻ താല്പര്യമുള്ള മുസ്‌ലിം സ്ത്രീകൾക്ക് അതിനുള്ള സ്വാതന്ത്ര്യം നൽകണം. എന്നാൽ ഈ സംഭവങ്ങൾക്കിടയിൽ ചില മതമൗലികവാദികൾ മുഖമുൾപ്പെടെ മറയ്ക്കുന്ന നിഖാബ് എന്ന വേഷം കൂടെ പൗരാവകാശമാണെന്ന് വാദിക്കുന്നുണ്ട്. മുഖം മറയ്ക്കുന്ന വേഷം നിയമ, ക്രമസമാധാന പ്രശ്നമാണ്, അത് നിരോധിക്കേണ്ടത് തന്നെയാണ്" എന്നാണ് എഴുത്തുകാരനും സാമൂഹിക നിരീക്ഷകനുമായ എം. എൻ കാരശ്ശേരിയുടെ അഭിപ്രായം.

മതങ്ങളിലെ നിഷ്പക്ഷതയല്ല, മതസൗഹാർദ്ദത്തിൽ അധിഷ്ഠിതമായ തുല്യതയാണ് നമ്മുടെ ഭരണഘടന അനുശാസിക്കുന്ന മതേതര സങ്കല്പം. ഫ്രാൻസിലും യൂറോപ്യൻ രാജ്യങ്ങളിലും പിന്തുടരുന്ന ഹാർഡ് സെക്കുലറിസം അല്ല ഇന്ത്യ, യൂഎസ് പോലുള്ള രാജ്യങ്ങൾ പിന്തുടരുന്നത്.

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായാണ് ഹിജാബ് നിരോധനം എന്ന വാദവും ഉയരുന്നു. മതാചാരം പിന്തുടരുന്നതിന്റെ പേരിൽ വിദ്യാഭ്യാസത്തിനുള്ള ഒരാളുടെ അവകാശം നിഷേധിക്കുന്നത് നീതീകരിക്കാവുന്നതല്ല. ഹിജാബ് നിരോധിക്കപ്പെട്ടാൽ സ്വാഭാവികമായും വിദ്യാർത്ഥിനികളുടെ സ്കൂൾ, കോളേജ് പഠനം മുടങ്ങുകയും അവർ വീട്ടിലിരിക്കുകയും ചെയ്യും. ഒരു സമുദായത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവസരം തട്ടിക്കളയുമ്പോൾ എങ്ങനെയാണ് ആ സമുദായത്തിലെ പുരുഷ മേധാവിത്വത്തിന്റെ വേലിക്കെട്ടുകൾ പൊട്ടിച്ചു പുറത്ത് വരാൻ അവർക്ക് സാധിക്കുക?

അടിച്ചേൽപ്പിക്കപ്പെട്ടതാണ് ഹിജാബ് എങ്കിൽ വിദ്യാഭ്യാസം കൈവരിച്ചു കൊണ്ട് അതിനെ ഊരിയെറിയാൻ അവർ തന്നെ സ്വയം മുന്നോട്ടു വരട്ടെ. മാസങ്ങളായി ഇത് തങ്ങളുടെ അവകാശമാണെന്ന് പറഞ്ഞു സമരം ചെയ്യുന്നവരെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഹിജാബ് അടിച്ചേൽപ്പിക്കുന്നതാണെന്നും അത് വ്യക്തിസ്വാതന്ത്ര്യത്തിന് മേലുള്ള കടന്ന് കയറ്റമാണെന്നും വാദിക്കുന്നത് കൃത്യമായ അജണ്ടകൾ അടിസ്ഥാനമാക്കി തന്നെയാണ്. നാനാജാതി മതസ്ഥർ വിവിധ ആചാരങ്ങളും രീതികളും പിന്തുടരുന്ന ഇന്ത്യയിൽ ഒരു പ്രത്യേക മതസ്ഥരുടെ വേഷത്തോട് മാത്രം അസഹിഷ്ണുത തോന്നുന്നത് രാജ്യത്തിന്റെ മൂല്യങ്ങളുടെ കെട്ടുറപ്പിൽ വിള്ളലുകൾ വീണതിന്റെ വ്യക്തമായ സൂചനയാണ്.

ഈ സമയത്ത് ഇസ്ലാം മതത്തിൽ സ്ത്രീകൾ ഹിജാബ് ധരിക്കേണ്ടത് നിർബന്ധമാണോ അല്ലയോ എന്ന ചർച്ചകൾ എല്ലാം ബാലിശമാണ്, അത് യഥാർത്ഥ വിഷയത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നതുമാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിൽ പെട്ടെന്ന് ഒരു ദിവസം എന്തിന് ഹിജാബ് നിരോധിച്ചു എന്നും അത് ഇന്ത്യൻ ഭരണഘടന എങ്ങനെ വീക്ഷിക്കുന്നു എന്നുമാണ് ചർച്ച ചെയ്യപ്പെടേണ്ടത്. പ്രബുദ്ധരാകേണ്ട യുവതലമുറയെ വിഷം തുപ്പാൻ വേണ്ടി മാത്രം ചാവി കൊടുത്ത് വിടുന്ന രാഷ്ട്രീയദുഷ്ടലാക്കുകൾ കൂടെ തിരിച്ചറിയുകയും ചർച്ച ചെയ്യപ്പെടുകയും വേണം.

# കിഫ്ബിയിലൂന്നി ബജറ്റ്

**മിഥുൻ എം.വി**

പ്രതിസന്ധികളിൽ പകച്ചു നിൽക്കാതെ പരിമിതികൾ എങ്ങനെ മുറിച്ച് കടക്കാമെന്നുള്ള പ്രായോഗിക സമീപനം അടങ്ങുന്ന വികസോനോന്മുഖ കാഴ്ചപ്പാടോടെയുള്ള ബജറ്റാണ് ധനമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചത്. നികുതി വരുമാന മാർഗം പരമാവധി ഉപയോഗപ്പെടുത്തിയും തൊഴിൽ മേഖലയിൽ കൂടുതൽ സാധ്യത തുറന്നും രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റ്.

വൻകിട പദ്ധതികൾക്ക് കിഫ്ബിയെ തന്നെയാണ് ഇത്തവണയും ആശ്രയിച്ചിരിക്കുന്നത്. വിലക്കയറ്റം നേരിടാനും ഭക്ഷ്യസുരക്ഷയ്ക്കുമായി 2000 കോടി രൂപ നീക്കിവച്ചു. വിവാദങ്ങൾക്കിടയിലും സിൽവർലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി 2000 കോടി രൂപ വകയിരുത്തി. ചെലവു ചുരുക്കലിന് പ്രത്യേക നിർദേശങ്ങളില്ല. ഉന്നതവിദ്യഭ്യാസ രംഗത്തും തോട്ടം മേഖലയിലും ഇടതുനയങ്ങളിലെ വ്യതിയാനം പ്രകടമാകുന്ന പ്രഖ്യാപനങ്ങളും ശ്രദ്ധേയമാണ്.



*ബജറ്റ് അവതരിപ്പിക്കുന്ന ധനമന്ത്രി കെ.എൻ.ബാലഗോപാൽ*

വിദ്യാഭ്യാസ മേഖലയിലെ ഗവേഷണങ്ങൾ സമൂഹത്തിന് ഉപകരിക്കുന്ന തലത്തിൽ പ്രയോഗികമാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. വിദ്യാഭ്യാസ മേഖലക്ക് 2,546 കോടി ബജറ്റിൽ നീക്കിവച്ചു. സർവകലാശാലകൾക്ക് കിഫ്ബി വഴി 200 കോടി നൽകും. ആയിരം കോടി രൂപ ചെലവിൽ വിവിധ കേന്ദ്രങ്ങളിൽ നാല് സയൻസ് പാർക്കുകൾ ആരംഭിക്കുമെന്ന് സംസ്ഥാന ബജറ്റിൽ വാഗ്ദാനം.

വയനാട്ടിൽ ഗതാഗതം സുഗമമാക്കാൻ നിർമ്മിക്കുന്ന ടിൻ ടണലിന് 2135 കോടി രൂപയും ബജറ്റിൽ അനുവദിച്ചു. വീടുകളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കാൻ 500 കോടി രൂപയുടെ വായ്പയും വകയിരുത്തി കുട്ടനാട് പാക്കേജിന് ഇത്തവണ 140 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ അനുവദിച്ചത്. സംസ്ഥാനത്ത് പുതിയ പത്ത് ഭക്ഷ്യപാർക്കുകളും ആരംഭിക്കും.

മരച്ചീനിയിൽ നിന്ന് സ്പിരിറ്റ് ഉൽപാദിപ്പിക്കാനുള്ള പുത്തൻ പരീക്ഷണത്തിനും ബജറ്റിൽ തുക വകയിരുത്തി.

ബജറ്റിൽ കെഎസ്ആർടിസിക്ക് 1106 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ. എൻ ബാലഗോപാൽ. എന്നാൽ കെഎസ്ആർടിസിയെ സംരക്ഷിക്കാനുള്ള പ്രഖ്യാപനങ്ങൾ ഒന്നുമില്ലാത്ത നിരാശജനകമായ ബജറ്റ് ആണിതെന്ന് പ്രതിപക്ഷ തൊഴിലാളി യൂണിയനുകൾ ആരോപിച്ചു.

# കൃത്രിമ തേനുമായി ബീ-ഐഒ

വർഷ ബി.

പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ മാർഗത്തിലൂടെ, തേനീച്ച-രഹിതമായ തേൻ ഉൽപാദിപ്പിച്ചു കൊണ്ട് വിപണി കീഴടക്കാൻ ഒരുങ്ങുകയാണ് ഇസ്രായേലിലെ ബീ-ഐഒ എന്ന ഫുഡ് - ടെക് കമ്പനി.

ലോകത്താകെയുള്ളളുടെ 20,000 ഇനം തേനീച്ചകളിൽ വെറും 7 ഇനം തേനീച്ചകൾ മാത്രമാണ് തേൻ ഉൽപാദിപ്പിക്കുന്നത്. നിരന്തരമായി ഇവയെ തേനിനായി ആശ്രയിക്കുന്നതിലൂടെ ഈ തേനീച്ചകളുടെ നിലനിൽപ്പ് അപകടത്തിലാകും. ആഗോളതലത്തിൽ 75% കൃഷിയും തേനീച്ചകളുടെ പരാഗണത്തിലൂടെയാണ് സാധ്യമാകുന്നത്. അതിനാൽ തേനീച്ചകൾക്ക് വംശനാശം സംഭവിച്ചു കഴിഞ്ഞാൽ അത് മനുഷ്യന്റെ നിലനിൽപ്പിനെയും സാരമായി ബാധിക്കും. ഈ സാഹചര്യത്തിൽ പ്രകൃതിദത്ത തേനിന്റെ എല്ലാ ഗുണങ്ങളോടും കൂടി ലാബിൽ ഉൽപാദിപ്പിക്കുന്ന തേനിന് പ്രസക്തി ഏറെയാണെന്ന് പറയുന്നു ബീ-ഐഒയുടെ സിഇഒ ഓഫിർ ദ്രാഷ്. ഓഫിറിനൊപ്പം ആരി, യാരോൺ, എഫ്രാത് എന്നിവരടങ്ങിയ യുവ ശാസ്ത്രജ്ഞരാണ് ഈ കണ്ടുപിടിത്തതിന് പിറകിൽ.



*ബീ-ഐഒയുടെ സിഇഒ ഓഫിർ ദ്രാഷ് തന്റെ പുതിയ ഉത്പന്നവുമായി*

തേനീച്ചയുടെ ആമാശയം ലാബിൽ സൃഷ്ടിച്ചു കൊണ്ടാണ് തേനിന്റെ സ്വാഭാവിക ഗുണങ്ങൾ ഒന്നും നഷ്ടമാകാതെ തേൻ ഉൽപാദിപ്പിക്കുന്നത്. പൂന്തേനും തേനീച്ചയുടെ പ്രോട്ടീനും ചേർന്നാണ് തേൻ ഉണ്ടാകുന്നത്. ഈ പ്രോട്ടീൻ ലാബിൽ മെഷീനറിയുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്നു. ഇങ്ങനെ ഉൽപാദിപ്പിക്കുന്ന പ്രോട്ടീനും ചെടികളിൽ നിന്ന് ശേഖരിച്ച പൂന്തേനും യോജിപ്പിച്ച് കുറച്ച് മണിക്കൂറുകൾ വച്ച ശേഷമാണ് തേൻ ഉണ്ടാക്കിയെടുക്കുന്നത്.

'യഥാർത്ഥത്തിൽ ഇത് വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ്. ശരിയായ രീതി കണ്ടു പിടിക്കാൻ ഞങ്ങൾ നൂറു ശ്രമങ്ങളെങ്കിലും നടത്തിയിട്ടുണ്ടാകും' - ബീ-ഐഒ സംഘത്തിലെ ഏക വനിതാശാസ്ത്രജ്ഞയായ എഫ്രാത് പറയുന്നു. ഒരു തേനീച്ച അതിന്റെ ആകെ ജീവിതത്തിൽ ഉൽപാദിപ്പിക്കുന്നത് ഒരു സ്പൂണിന്റെ പന്ത്രണ്ടിൽ ഒന്ന് ഭാഗം മാത്രമാണ്. എന്നാൽ ബീ-ഐഒ ടീം ഒരാഴ്ചയിൽ തന്നെ മൂന്ന് ടൺ തേൻ ഉൽപാദിപ്പിക്കുന്നു. ഋതുക്കൾ കൊണ്ട് മാത്രം രൂപപ്പെടുന്ന തേൻ ഇപ്പോൾ മണിക്കൂറുകൾ കൊണ്ട് തയ്യാറാക്കാൻ സാധിക്കുന്നുവെന്ന് അവകാശപ്പെടുകയാണ് ഓഫിർ.

ലാബിൽ സൃഷ്ടിക്കുന്ന തേനിൽ ഏത് ചെടിയുടെ പൂന്തേനും ഉപയോഗിക്കാം. ഇത് വഴി വ്യത്യസ്ത തരം പൂന്തേനുകൾ കൊണ്ട് ഉൽപാദിപ്പിക്കുന്ന തേൻ വിപണിയിൽ ഇറക്കാനാകും. കഫീൻ അടങ്ങിയ തേനാണ് കോഫീ ചെടിയിൽ നിന്ന് ശേഖരിക്കുന്ന പൂന്തേനിലൂടെ ലഭിക്കുന്നത്.

ഓഫിർ ദ്രാഷും സംഘവും തേനീച്ചകളെ രക്ഷിക്കാനും അത് വഴി ഭൂമിയിലെ സസ്യലതാധികളെ സംരക്ഷിക്കുവാനും അവയുടെ ജീവചക്രം നിലനിർത്താനും കഠിനമായി പ്രവർത്തിക്കുകയായിരുന്നു ഇത്രയും നാൾ. കീടനാശിനികളുടെയും ആന്റിബയോട്ടിക്കുകളുടെയും പ്രയോഗം മൂലം സാധാരണ തേനിൽ ശുദ്ധത കുറവായിരിക്കും. കുറഞ്ഞ ചിലവിൽ ശുദ്ധമായ തേൻ വിപണിയിൽ ഇറക്കുകയാണ് ഇപ്പോൾ ഈ സംഘം. ഹീബ്രു ഭാഷയിൽ ദ്രാഷ് എന്നാൽ തേൻ എന്നാണ് അർത്ഥം. ഇത് യാദൃശ്ചികം മാത്രമാണെന്ന് പറഞ്ഞ് ചിരിക്കുകയാണ് ഓഫിർ ദ്രാഷ്.

# പ്രണയം തെരുവുകളിൽ അന്നം വിളമ്പുന്നു

ഷഹാന. എം. ടി

വിശപ്പിന്റെ പ്രണയം ആഹാരത്തിനോടാണ്, വിശക്കുന്നവന്റെ പ്രണയം അത് നൽകുന്നവരോടും. 5 വർഷങ്ങൾക്ക് മുമ്പ് ഒരു പ്രണയ ദിനത്തിൽ, മംഗലാപുരത്തെ ഒരു പാനി പൂരി കച്ചവടക്കാരൻ സ്നേഹത്തോടെ നീട്ടിയ ചോക്ലേറ്റ് പെട്ടിയിൽ നിന്ന് മലയാളി വിദ്യാർത്ഥികൾക്ക് തോന്നിയ ആശയം - സമൂഹത്തിനായി എന്തെങ്കിലും ചെയ്യണം, അതിലൂടെ ആനന്ദം നേടണം. അങ്ങനെയാണ് #ഫീഡ്14ഫെബ്14 പിറക്കുന്നത്. ഈ ക്യാമ്പയിനിലൂടെ കഴിഞ്ഞ 5 വർഷമായി രാജ്യത്തുടനീളമുള്ള ഇരുപത്തിനാലോളം നഗരങ്ങളിലെ തെരുവുകളിലേക്ക് മുടങ്ങാതെ പ്രണയ ദിനത്തിൽ ആഹാരപ്പൊതികൾ എത്തുന്നു.

മംഗലാപുരത്തെ 2017 ലെ പ്രണയ ദിനം - പതിവ് പോലെ ഹോസ്റ്റലിനടുത്തുള്ള പാനി പൂരി കടയിൽ പോയതായിരുന്നു എംബിഎ വിദ്യാർത്ഥിനി ആയിരുന്ന താനിയ റഫീക്കും കൂട്ടുകാരും. അന്ന് ആ കടക്കാരൻ അവർക്ക് ഒരു ചോക്ലേറ്റ് പെട്ടി നൽകി. അത് നൽകുമ്പോൾ അയാളുടെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിയും സന്തോഷവുമായിരുന്നു അവർക്ക് ലഭിച്ച ഏറ്റവും വലിയ സമ്മാനം. അന്ന് രാത്രി താനിയയും ഒരു സുഹൃത്തുമായുള്ള സംഭാഷണത്തിനിടയിൽ ആ സുഹൃത്ത് പറഞ്ഞു, 'സമൂഹത്തിന് വേണ്ടി നമ്മളെ കൊണ്ട് സാധിക്കുന്ന എന്തെങ്കിലും ചെയ്യണം'. പിറ്റേന്ന് തന്നെ അവരുടെ കോളേജിലെ സുഹൃത്തുക്കളുമായി ചേർന്ന് ഒരു ചെറു സംഘം മംഗലാപുരത്തെ തെരുവിൽ ഭക്ഷണ പൊതികളുമായി വന്നു. 'ഫീഡ്14ഫെബ്14'ന്റെ ഉദയം ആയിരുന്നു അത്. ഇന്ന് ഇന്ത്യയിലെ 24 നഗരങ്ങളിലേക്ക് സ്നേഹത്തിന്റെ ആഹാരപ്പൊതികൾ വന്നു ചേരുന്നു.



*തിരുവനന്തപുരത്ത് നടന്ന ഭക്ഷണപ്പൊതിവിതരണ ചടങ്ങ്*

ജോലി ചെയ്യുന്നവരും പഠിക്കുന്നവരുമായ യുവാക്കളാണ് വൊളന്റീയർമാരായി മുന്നോട്ട് വരുന്നത്. ഓരോ നഗരത്തിലെയും ആവശ്യകതകൾ മുൻനിർത്തി ആണ് അവിടേക്കുള്ള ഭക്ഷണപ്പൊതികൾ തയ്യാറാക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ 3 വർഷമായി ഭക്ഷണ വിതരണം നടക്കുന്നു. തമ്പാനൂർ, വെട്ടുകാട്, പത്മനാഭസ്വാമി ക്ഷേത്ര പരിസരം, പൂജപ്പുര, കിഴക്കേക്കോട്ട, പാളയം എന്നിവിടങ്ങളിലാണ് പ്രധാനമായും ഭക്ഷണ വിതരണം നടക്കുന്നത്. പൂർണമായും പ്ലാസ്റ്റിക് രഹിതമായാണ് വിതരണം നടക്കുന്നതെന്ന് ഉറപ്പാക്കാനും സംഘം മറക്കുന്നില്ല. കോവിഡ് പശ്ചാത്തലത്തിൽ വൊളന്റീയർമാരുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ടതും ഒരു വെല്ലുവിളിയാണ്. എന്നാൽ, വൊളന്റീയർമാരുടെ സ്ഥിരോത്സാഹവും ഊർജവും തന്നെയാണ് ഈ പദ്ധതിയെ മുന്നോട്ട് നയിക്കുന്നത് എന്ന് ജില്ലയിലെ വൊളന്റീയർമാർക്ക് നേതൃത്വം നൽകുന്ന ഫാംഡി അവസാന വർഷ വിദ്യാർത്ഥിനിയായ ആയിഷയുടെ സാക്ഷ്യം.

ഈ പദ്ധതി ഇപ്രകാരം തന്നെ മുന്നോട്ട് കൊണ്ട് പോകാനാണ് താനിയയുടെയും 'ഫീഡ്14ഫെബ്14' കൂട്ടായ്മയുടെയും തീരുമാനം. 'ഭക്ഷണപ്പൊതി കൈമാറുന്നത് വരെയുള്ള പ്രക്രിയകളിൽ ധാരാളം വികാരങ്ങളിലൂടെ കടന്ന് പോകുന്നു. ഭക്ഷണം വാങ്ങുന്ന ആൾക്ക് നമ്മളെയോ നമുക്ക് അവരെയോ അറിയില്ല. ആഹാരം കിട്ടുമ്പോൾ അവർക്കും, നൽകുമ്പോൾ നമുക്കും ലഭിക്കുന്ന സന്തോഷമുണ്ട്, അത് തന്നെയാണ് ഈ പദ്ധതിയെ മുന്നോട്ട് കൊണ്ട് പോകുന്നത്' - താനിയയുടെ വാക്കുകളിൽ ആത്മസംതൃപ്തിയുണ്ട്. തുടക്കത്തിൽ മംഗലാപുരത്തു മാത്രമായിരുന്നു ഭക്ഷണ വിതരണം നടന്നത് എങ്കിൽ അടുത്ത വർഷം മുതൽ സുഹൃത്തുക്കൾ വഴി കേരളത്തിലുൾപ്പെടെ ഇന്ത്യയിലെ വിവിധ നഗരങ്ങളിലേക്ക് ഇത് വ്യാപിപ്പിച്ചു. കഴിഞ്ഞ വർഷം 23 നഗരങ്ങളിലായി 122 വൊളന്റീയർമാർ ചേർന്ന് വിതരണം ചെയ്തത് 2643 ഭക്ഷണപ്പൊതികളാണ്.

# കൊടിയിറങ്ങി കീല; കിരീടം സയൻസിന്

» രണ്ടാം സ്ഥാനത്ത് ഓറിയന്റൽ സ്റ്റഡീസ്

» ഡിപ്പാർട്മെന്റുകളിൽ ഒന്നാം സ്ഥാനം സൈക്കോളജി വിഭാഗത്തിന്

**ഗോകുൽ കൃഷ്ണ**



കലോത്സവവിജയികൾക്കുള്ള ഓവറോൾ ട്രോഫിയുമായി സയൻസ് വിഭാഗം

കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ ക്യാമ്പസ് കലോത്സവം ഏപ്രിൽ 4,5,6 തീയതികളിലായി നടന്നു. ആവേശാന്ത്യത്തിൽ 195 പോയിന്റുമായി ഫാക്കൽറ്റി ഓഫ് സയൻസ് കിരീടം നേടി. 187 പോയിന്റുമായി ഫാക്കൽറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസ് രണ്ടാമതും 145 പോയിന്റുമായി ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ് മൂന്നാമതുമായി. സൈക്കോളജി വിഭാഗം മികച്ച ഡിപ്പാർട്മെന്റിനുള്ള പുരസ്കാരം നേടി. സൈക്കോളജി വിഭാഗത്തിലെ അനഘ എ.ജെ. കലാതിലകവും എഡ്യൂക്കേഷൻ വിഭാഗത്തിലെ ഷൈജു എസ്.എസ്. കലാപ്രതിഭയും ആയി. ഏറെ നിരൂപക പ്രശംസ നേടിയ *ദ ഗ്രേറ്റ് ഇൻഡ്യൻ കിച്ചൻ* എന്ന സിനിമയുടെ സംവിധായകൻ ജിയോ ബേബിയാണ് കലോത്സവം ഉദ്ഘാടനം ചെയ്തത്. ഇതോടൊപ്പം തന്നെ പ്രശസ്ത പത്രപ്രവർത്തകൻ അഭിലാഷ് മോഹൻ ആർട്സ് ക്ലബ് ഉദ്ഘാടനവും നിർവഹിച്ചു.

'കീല' എന്നാണ് ക്യാമ്പസ് കലോത്സവത്തിന്റെ പേര്. അഗ്നിശിഖ എന്നാണ് കീല എന്ന വാക്കിന്റെ അർത്ഥം. സർഗാത്മകയുടെ ചുവന്ന ജ്വാല ഉയർത്തിപ്പിടിക്കുക എന്നതാണ് കലോത്സവത്തിന്റെ മുദ്രാവാക്യം.

9 വേദികളിലായാണ് മത്സരങ്ങൾ നടന്നത്. മനുഷ്യാവകാശ ലംഘനങ്ങൾ നടന്ന സ്ഥലങ്ങളുടെ പേരാണ് മത്സരവേദികൾക്ക് അധികവും നൽകിയത്. കാശ്മീരം (ഗോൾഡൻ ജൂബിലി ഓഡിറ്റോറിയം), മുസ്കാന (ഒപ്റ്റോ ഇലക്ട്രോണിക്സ് ഹാൾ), ഭാവനം (ഇ വി എസ് ഹാൾ ), ലളിതം (ഐ എം കെ ഹാൾ), ഷഹീൻ ബാഗ് (സ്റ്റാറ്റിസ്റ്റിക്സ് ഹാൾ), ഗാസ (ബയോ ഇൻഫർമാറ്റിക്സ് ഹാൾ), കവരത്തി (അറബിക് ഹാൾ), ലഘിംപുർ (സംസ്കൃത ഹാൾ), വട്ടവട (ചോല) എന്നിവയായിരുന്നു മത്സരവേദികൾ.

കലോത്സവത്തിന് മുൻപേ നടന്ന സാഹിത്യ വിഭാഗത്തിലെ ഉപന്യാസം, ചെറുകഥ, കവിതാരചന എന്നീ മത്സരങ്ങൾക്ക് പാളയത്തും കാര്യവട്ടത്തും മത്സരവേദികൾ ഉണ്ടായിരുന്നു.

5 വിഭാഗങ്ങളിലായി 87 മത്സര ഇനങ്ങളാണ് കലോത്സവത്തിനുണ്ടായിരുന്നത്. ഇതിലെ വിജയികൾ സർവകലാശാല കലോത്സവത്തിൽ ക്യാമ്പസിനെ പ്രതിനിധീകരിക്കും.

## ഓർമ്മയ്ക്കായി തെങ്ങിൻതൈകൾ

**ദേവിക ആർ.**



*തെങ്ങിൻതൈകളുമായി അധ്യാപകരും വിദ്യാർത്ഥികളും*

ഡിപ്പാർട്മെന്റിലെ ഓരോ അംഗങ്ങളുടെയും പേരിൽ നട്ട തെങ്ങിൻ തൈകൾ - കാര്യവട്ടം ക്യാമ്പസിലെ ഒപ്റ്റോഇലക്ട്രോണിക്സ് ഡിപ്പാർട്മെന്റിലേക്ക് വരുന്നവരെ സ്വാഗതം ചെയ്യുന്നത് ഈ പ്രത്യേകതയാണ്. വകുപ്പ് മേധാവിയും പ്രൊഫസറുമായ ഡോ. എസ്. ശങ്കരരാമന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും മറ്റു ജീവനക്കാരും ചേർന്നാണ് തങ്ങളുടെ പേരിൽ തൈകൾ നട്ടിരിക്കുന്നത്. ഇത് വരെ 20 തൈകളാണ് ഡിപ്പാർട്മെന്റ് വളപ്പിൽ നട്ടിരിക്കുന്നത്. ഓരോരുത്തരും നട്ട തൈ പരിപാലിക്കേണ്ടത് അവരവരുടെ ഉത്തരവാദിത്വമാണ്.

'ക്യാമ്പസ് വിട്ടു പോകുമ്പോൾ ഓർമ്മിക്കാൻ എന്തെങ്കിലും വിദ്യാർത്ഥികൾ ഇവിടെ അവശേഷിപ്പിക്കണം. ഈ തൈകൾ ഓർമ്മകൾ സമ്മാനിക്കാൻ പോകുന്നു. 5-6 വർഷങ്ങൾക്ക് ശേഷം ഈ വിദ്യാർത്ഥികൾ ഡിപ്പാർട്മെന്റിലേക്ക് തിരിച്ചു വരുമ്പോൾ ഈ തൈകൾ മരങ്ങളായിട്ടുണ്ടാകും'- ഇതാണ് ഈ പദ്ധതിയുടെ ഉദ്ദേശമെന്ന് വകുപ്പ് മേധാവി പറഞ്ഞു.

ഗംഗാബോണ്ടം, ഡിxടി, കേരശ്രീ എന്നിവയാണ് നട്ടുപിടിപ്പിച്ചിട്ടുള്ള വിവിധ ഇനം തെങ്ങിൻതൈകൾ. 3 വർഷങ്ങൾക്കുള്ളിൽ ഫലം കായ്ക്കുന്ന ഇനങ്ങളാണ് ഇവ. ഗവേഷണ വിദ്യാർത്ഥികൾക്ക് ഡിപ്പാർട്മെന്റിന്റെ പടിയിറങ്ങും മുമ്പ് തങ്ങൾ നട്ട തെങ്ങിൽ നിന്ന് ഒരു കരിക്ക് കുടിക്കാനുള്ള ഭാഗ്യം ലഭിച്ചേക്കാം.

വിദ്യാർത്ഥികളും അധ്യാപകരും ചേർന്നാണ് എല്ലാ ശനിയാഴ്ചയും ഡിപ്പാർട്മെന്റ് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ഈ ഡിപ്പാർട്മെന്റ് സ്വന്തം വീട് ആണെന്നുള്ള തോന്നൽ ഉണ്ടാക്കാൻ ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ സാധിക്കുമെന്ന് പറയുന്നു ഡോ. എസ്. ശങ്കരരാമൻ. തെങ്ങിൻതൈകൾക്ക് പുറമെ വാഴക്കന്നുകൾ നട്ടുപിടിപ്പിക്കാനും ഉദ്ദേശമുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വൃത്തിയും ഹരിതാഭവുമായ പരിസരം സൃഷ്ടിക്കുക മാത്രമല്ല, വിദ്യാർത്ഥികൾക്കിടയിൽ ഗൃഹാതുരത്വ സ്മരണകൾ നെയ്തെടുക്കുക കൂടിയാണ് അദ്ദേഹം ലക്ഷ്യമിടുന്നത്.

'വർഷങ്ങൾക്ക് ശേഷം ഈ വിദ്യാർത്ഥികൾ തിരികെ വരുമ്പോൾ അവർ ഈ മരങ്ങളെ ഓർക്കും, ഈ മരങ്ങൾ നട്ടുപിടിപ്പിക്കാൻ കാരണക്കാരനായ എന്നെയും അവർ ഓർക്കുമായിരിക്കും' - അദ്ദേഹം പറഞ്ഞു.

## ക്യാമ്പസ് യൂണിയൻ തിരഞ്ഞെടുക്കപ്പെട്ടു

**നിവ്യ യു.**

**കാര്യവട്ടം:** ക്യാമ്പസിലെ വിദ്യാർത്ഥികൾ ഫെബ്രുവരി 28ന് സാക്ഷ്യം വഹിച്ചത് വോട്ടവകാശത്തിന്റെ പുലരിക്കായിരുന്നു. 10 വർഷങ്ങൾക്ക് ശേഷമാണ് കാര്യവട്ടം ക്യാമ്പസ്സിൽ ഇലക്ഷൻ നടന്നത്. 2012ലെ തിരഞ്ഞെടുപ്പിന് ശേഷം ആദ്യമായി നടന്ന കേരള സർവകലാശാല ഡിപ്പാർട്മെന്റ് യൂണിയൻ തിരഞ്ഞെടുപ്പിൽ എസ്എഫ്ഐ സാരഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ചുമരെഴുത്തുകളും പോസ്റ്ററുകളുമായി ക്യാമ്പസ് രാഷ്ട്രീയ ചൂടിലമർന്നപ്പോൾ പ്രമുഖ പാർട്ടികളുടെയെല്ലാം ചൂടേറിയ പ്രചരണങ്ങൾക്ക് ക്യാമ്പസ് സാക്ഷ്യം വഹിച്ചു. ഫാക്കൽട്ടി പ്രതിനിധികളുടെ മത്സരത്തിലെ 8 സ്ഥാനങ്ങളിലേക്ക് എസ്എഫ്ഐ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മറ്റു പോസ്റ്റുകളിലേക്ക് എസ് എഫ് ഐ, കെ എസ് യു, ഫ്രറ്റേണിറ്റി, ക്യാമ്പസ് ഫ്രണ്ട് തുടങ്ങിയ പാർട്ടികളിൽ നിന്നുള്ള സ്ഥാനാർഥികൾ മത്സരിച്ചു.

2000 വിദ്യാർത്ഥികൾക്കിടയിൽ നിന്ന് 1300 ഓളം വിദ്യാർത്ഥികൾ ബാലറ്റ് പേപ്പറിൽ വോട്ടുകൾ രേഖപ്പെടുത്തി. വിദേശവിദ്യാർത്ഥികൾക്ക് സമ്മതിദായക അവകാശമില്ലായിരുന്നു. രണ്ടാം സെമെസ്റ്റർ പരീക്ഷകൾക്കിടയിൽ തിരഞ്ഞെടുപ്പ് വന്നത് അല്പം ആശങ്കകൾ ഉണ്ടാക്കിയെങ്കിലും പരീക്ഷകൾ മാറ്റിവെച്ചു ജനാധിപത്യ പ്രക്രിയയിലേക്ക് ക്യാമ്പസ് മുന്നിട്ടിറങ്ങുകയായിരുന്നു.

പാളയത്തെ കേരള സർവകലാശാലയുടെ സെനെറ്റ് ഹാളിൽ വച്ചു 10 ബൂത്തുകളിലായാണ് ബാലറ്റ് തിരഞ്ഞെടുപ്പ് നടന്നത്. എല്ലാ സീറ്റുകളിലേക്കും എസ്എഫ്ഐ വൻഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. എം എസ് സി ഡെമോഗ്രഫി & ബയോ-സ്റ്റാറ്റിസ്റ്റിക്സ് രണ്ടാം വർഷ വിദ്യാർത്ഥിയായ തൻസീൽ അഹമ്മദ് എസ് യൂണിയൻ ചെയർമാൻ ആയി തിരഞ്ഞെടുക്കപ്പെട്ടു. വൈസ് ചെയർമാൻ - മമത പ്രദീപ് (എം എ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്), ജനറൽ സെക്രട്ടറി - അനഘ ടി ജെ (എം എ മലയാളം ലിറ്ററേച്ചർ), യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ - രാഹുൽ കൃഷ്ണ (എം ഫിൽ പൊളിറ്റിക്കൽ സയൻസ്), ഫാത്തിമത്ത് സുഹറ (എം എസ് ഡബ്ലിയു), മാഗസിൻ എഡിറ്റർ - ദീപു ബാലൻ (എം എ പൊളിറ്റിക്കൽ സയൻസ്), ആർട്സ് ക്ലബ് സെക്രട്ടറി - നിഖിൽ സി പി (എം ബി എ), ലേഡി റെപ്രെസെന്റേറ്റീവ്സ് - വൈഷ്ണവി എ (എം എസ് സി ഡെമോഗ്രഫി & ബയോ-സ്റ്റാറ്റിസ്റ്റിക്സ്), നമിത കെ വി (എം എ പൊളിറ്റിക്കൽ സയൻസ്) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട മറ്റുള്ളവർ.

ഫാക്കൽട്ടി പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ സോഷ്യൽ സയൻസിലും കോമേഴ്സിലും മത്സരം നടന്നു.

# ലളിതം സുന്ദരം ; കുടുംബ ബന്ധത്തിന്റെ ദൃഢത

**അജയ് രാജ്.എൽ**

*മധു വാര്യർ സംവിധായകന്റെ തൊപ്പിയണിയുന്ന ആദ്യത്തെ സിനിമയാണ് ലളിതം സുന്ദരം. ഈ സിനിമ സംവിധാനം ചെയ്തപ്പോഴുണ്ടായ അനുഭവങ്ങളെ കുറിച്ച് മധു വാര്യർ മനസ്സു തുറക്കുന്നു...*

**ഒരു നടനായി സിനിമയിൽ എത്തിയ താങ്കൾ ഒരു സംവിധായകന്റെ വേഷത്തിൽ തിരിച്ചു വന്ന അനുഭവം വ്യത്യസ്തമായിരുന്നോ? എന്തിലാണ് താങ്കൾ കൂടുതൽ സംതൃപ്തനായത് ?**

ആദ്യമായി സിനിമയിൽ വന്നപ്പോൾ തന്നെ എനിക്ക് ഒരു സംവിധായകൻ ആകണമെന്നായിരുന്നു ആഗ്രഹം. അഭിനയം അതിലേക്കുള്ള ചവിട്ടു പടിയായിരുന്നു എന്ന് വേണമെങ്കിൽ പറയാം. തീർച്ചയായും ഒരു സംവിധായകന്റെ വേഷമാണ് എനിക്ക് കൂടുതൽ ഇഷ്ടം, കാരണം സംവിധാനത്തിൽ ഉള്ള സർഗാത്മകതയിലൂടെ കിട്ടുന്ന സംതൃപ്തി വളരെ വലുതാണ്. ലളിതം സുന്ദരം ചെയ്തപ്പോൾ ഇത് ഞാൻ നന്നായി അനുഭവിച്ചറിഞ്ഞ കാര്യമാണ്.

**ആദ്യമായി സംവിധായകന്റെ തൊപ്പി അണിഞ്ഞപ്പോൾ ഉണ്ടായ അനുഭവം ?**

2016 ലാണ് ഞാൻ സംവിധാനത്തിലേക്കുള്ള യാത്ര തുടങ്ങിയത്. അന്നാണ് ബിജുവേട്ടനോടും മഞ്ജുവിനോടും കഥ പറഞ്ഞത്. അവർക്കത് ഇഷ്ടമായപ്പോൾ ഞാൻ സ്ക്രിപ്റ്റ് റൈറ്റർ പ്രമോദിന്റെ കൂടെ സ്ക്രിപ്റ്റ് പൂർത്തിയാക്കി. 2020ലാണ് ഷൂട്ടിംഗ് തുടങ്ങിയത്. കോവിഡ് കാരണം കുറെ താമസിച്ചു. വളരെ മികച്ച ഒരു ടീമിന്റെ കൂടെ പ്രവർത്തിക്കാൻ സാധിച്ചു. പിന്നെ ഇത് എന്റെ ആദ്യത്തെ ചുവടുവയ്പ്പായത് കൊണ്ട് ഒരുപാടു ഹോംവർക് ചെയ്യേണ്ടി വന്നു.




**ഈ കോവിഡ് പ്രതിസന്ധിക്കിടയിൽ താങ്കൾക്ക് എന്തൊക്കെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു ?**

ശരിക്കും കഷ്ടപ്പെട്ടു. 2020 ഫെബ്രുവരിയിലാണ് ഷൂട്ടിംഗ് തുടങ്ങിയത്. 20 ദിവസം കഴിഞ്ഞപ്പോൾ തന്നെ ഷൂട്ടിംഗ് നിർത്തേണ്ടി വന്നു, ലോക്ക്ഡൗൺ കാരണം ഡിസംബറിലാണ് ഷൂട്ടിംഗ് പുനരാരംഭിച്ചത്. പിന്നെയും കോവിഡ് തരംഗം വന്നു. രണ്ടാം തവണ ഷൂട്ടിംഗ് തുടങ്ങും മുൻപേ ക്യാമറാമാൻ കോവിഡ് പോസിറ്റീവ് ആയി. പിന്നീട് മറ്റൊരു ക്യാമറാമാനെ വച്ചാണ് ഷൂട്ടിംഗ് പൂർത്തിയാക്കിയത്. 2022-ലും കോവിഡ് കാരണം പല പ്രതിസന്ധികളും ഉണ്ടാവുന്നുണ്ട്. രണ്ടു സിനിമ ചെയ്ത ഒരു പ്രതീതി ആണ് എനിക്കുള്ളത്. എല്ലാം ഭംഗിയായി പൂർത്തിയാക്കാൻ കഴിഞ്ഞു.

**സിനിമയിൽ കാസ്റ്റ് നിശ്ചയിക്കുമ്പോൾ എന്തൊക്കെയായിരുന്നു മനസ്സിൽ ഉണ്ടായിരുന്നത് ?**

ആദ്യമേ ബിജുവേട്ടനും മഞ്ജുവും മനസിലുണ്ടായിരുന്നു. കഥാപാത്രങ്ങൾ എങ്ങനെയായിരിക്കണമെന്ന് എനിക്ക് മനസിൽ ഒരു രൂപമുണ്ടായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ എന്താണോ മനസ്സിൽ കണ്ടത് അത് റിസൾട്ട് ആയി കിട്ടിയിട്ടുണ്ടെന്ന് തോന്നുന്നു.

**ലളിതം സുന്ദരം നമ്മുടെ സമൂഹത്തിനു നൽകുന്ന സന്ദേശം എന്താണ് ?**

ഞാൻ ഈ സിനിമയിൽ പറയാൻ ഉദ്ദേശിച്ചത് കുടുംബബന്ധത്തിന്റ ദൃഢതയാണ്. പലരും കുടുംബബന്ധങ്ങൾ വളരെ ലാഘവത്തോടെയാണ് കാണുന്നത്. ബന്ധങ്ങളുടെ മൂല്യം ഈ സിനിമയിൽ കാണാൻ സാധിക്കും.

**ആദ്യത്തെ സിനിമ ഒടിടി റിലീസ് ചെയ്യുന്നതിൽ വിഷമം ഉണ്ടോ ?**

ഏതൊരു സംവിധായകന്റെയും സ്വപ്നമാണ് തന്റെ സിനിമ തിയേറ്ററിൽ കാണുകയെന്നത്. പക്ഷെ ഇപ്പോൾ കോവിഡിന്റെ സാഹചര്യത്തിൽ ജനങ്ങൾ തിയേറ്ററിൽ പോവുമോ എന്നത് സംശയമാണ്. ഒടിടി വലിയ മാറ്റങ്ങളുണ്ടാക്കി. കേരളത്തിൽ മാത്രമല്ല മറ്റെവിടെയിരുന്നും മലയാള സിനിമ ഈ പ്ലാറ്റ്ഫോമിലൂടെ കാണാൻ സാധിക്കും എന്നുള്ളത് ഒടിടിയുടെ മെച്ചമാണ്. ഡിസ്നി ഹോട്സ്റ്റാറിലാണ് ചിത്രം റിലീസ് ചെയ്തിരിക്കുന്നത്.

# വേട്ടയാടുന്ന ഭൂതകാലം

**അനുജ പി.എസ്.**

കഥാപാത്രത്തെ പ്രേതം ഞെട്ടിക്കുന്നത് കണ്ട് ഭയപ്പെട്ടു മടുത്ത മലയാള സിനിമയ്ക്ക് ഒരു പുത്തൻ അനുഭവമാണ് രാഹുൽ സദാശിവന്റെ ഭൂതകാലം. സൈക്കോളജിക്കൽ ഡ്രാമ വിഭാഗത്തിൽ പെടുന്ന ഒരു ഗംഭീര ഹൊറർ ത്രില്ലറായ സിനിമ ഭൂതകാലവും വർത്തമാനവും ഒരു പോലെ വേട്ടയാടുന്ന ഒരു അമ്മയുടെയും മകന്റെയും കഥ പറയുകയാണ്.

സ്വരച്ചേർച്ച കുറഞ്ഞ അവരുടെ ജീവിതത്തിൽ അമ്മയായ ആശ ഒരു സ്കൂൾ ടീച്ചറാണ്, ആ വീടിന്റെ ഏക വരുമാന മാർഗവും. വളരെ സാധാരണവും എന്നാൽ സമൂഹം ഇന്നു വരെ പൂർണരൂപത്തിൽ അംഗീകരിച്ചിട്ടില്ലാത്തതുമായ വിഷാദരോഗത്തെപ്പറ്റി ചിത്രം ആശയിലൂടെ സംസാരിക്കുമ്പോൾ, രോഗലക്ഷണങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നതിലൂടെ രോഗിയെ കൂടുതൽ മോശം അവസ്ഥയിലേക്ക് തള്ളിവിടുന്നത് പ്രേക്ഷകർക്ക് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്നു.

ക്ലിനിക്കൽ ഡിപ്രഷൻ അതിന്റെ പാരമ്യത്തിൽ




തുറന്നു കാട്ടികൊണ്ട് രേവതി തന്റെ ആശ എന്ന കഥാപാത്രത്തെ അവിസ്മരണീയമാക്കി.

തൊഴിലില്ലായ്മ, ലഹരി, മാനസിക പ്രശ്നങ്ങൾ, സ്ക്രീൻ അഡിക്ഷൻ എന്നിങ്ങനെ നിത്യജീവിതത്തിൽ അനുഭവിക്കേണ്ടതായ യാഥാർഥ്യങ്ങളെ വിനു എന്ന മകനിലൂടെ ഷെയ്ൻ നിഗം അനായാസം പ്രേക്ഷകരിലെത്തിച്ചു. തനിക്കു സംഭവിക്കുന്ന അസാധാരണ സംഭവങ്ങൾ മറ്റാരും മനസ്സിലാക്കാതെ വരുന്നതിലൂടെ മാനസിക നില നഷ്ടമാവുന്ന വിനുവിലൂടെയാണ് ചിത്രം സഞ്ചരിക്കുന്നത്.

ലഹരിക്കപ്പുറം മറ്റു പ്രശ്നങ്ങൾ ഒന്നും തന്നെയില്ല എന്ന് വാദിക്കുന്ന ബന്ധുവിലൂടെ സമൂഹത്തിന്റെ ലാഘവമനോഭാവം സംവിധായകൻ വ്യക്തമാക്കുമ്പോൾ വളരെ കുറച്ചു കഥാപാത്രങ്ങൾ മാത്രമുള്ള ഈ ചിത്രത്തിൽ ആശയുടെ വീടും നിഗൂഢമായ ഒരു കഥാപാത്രമായി മാറുന്നു.

വളരെ സാവധാനം നീങ്ങുന്ന ചിത്രത്തിന്റെ നിഗൂഢതയും ഏകാന്തതയുടെ ഭീകരതയും കാണികളിൽ അസ്വസ്ഥത നിലനിർത്താൻ സാധിക്കും വിധം ഷെഹനാദ് ജലാലിന്റെ ഛായാഗ്രഹണത്തിന് കഴിഞ്ഞപ്പോൾ സൈക്കോളജിക്കൽ ത്രില്ലറിൽ നിന്നും ഹൊററിലേക്കുള്ള മാറ്റം മലയാളി പ്രേക്ഷകർ മുൻപൊരു ഹൊറർ സിനിമയിലും കണ്ടിട്ടില്ലാത്തവിധം ഭീതിയുണർത്താൻ സംവിധായകനു സാധിച്ചു.

ഗോപി സുന്ദറിന്റെ പശ്ചാത്തലസംഗീതം പ്രേക്ഷകരെ സിനിമയോട് ചേർത്തുനിർത്തിയപ്പോൾ, പ്രേതം എന്ന അമാനുഷിക ശക്തിയേക്കാൾ ഭയാനകമായത് യഥാർത്ഥ ജീവിതത്തിൽ ഉണ്ടെന്ന് ചിത്രം തുറന്നു കാട്ടി. പരസ്പര ബന്ധത്തിന്റെയും ആശയവിനിമയത്തിന്റെയും മൂല്യത്തെ ചൂണ്ടികാട്ടി അവസാനിക്കുന്ന ഭൂതകാലം സോണി ലൈവിലാണ് റിലീസ് ചെയ്തിരിക്കുന്നത്.

# ഓസ്കാറിൽ തിളങ്ങി ഡ്യൂൺ

**ഗോകുൽ കൃഷ്ണ**

രണ്ട് വർഷത്തിന് ശേഷം കാലിഫോർണിയയിലെ ലോസ് ഏഞ്ചൽസിലെ ഡോൾബി തീയറ്ററിൽ നടന്ന 94-ാമത് അക്കാദമി അവാർഡിൽ കോഡ മികച്ച ചിത്രം അടക്കം നോമിനേറ്റ് ചെയ്യപ്പെട്ട 3 വിഭാഗങ്ങളിലും പുരസ്കാരം നേടി. കിംഗ് റിച്ചാർഡിലെ അഭിനയത്തിന് വിൽ സ്മിത്ത് മികച്ച നടനും ദ ഐസ് ഓഫ് ടാമി ഫെയിയിലെ അഭിനയത്തിന് ജെസീക്ക ചെസ്തെയിൻ മികച്ച നടിയുമായി.

നോമിനേറ്റ് ചെയ്യപ്പെട്ട 10 വിഭാഗങ്ങളിൽ 6ലും പുരസ്കാരം നേടികൊണ്ട് ഡ്യൂൺ ഈ കൊല്ലം ഏറ്റവും കൂടുതൽ ഓസ്കാർ നേടുന്ന ചിത്രമായി. ഹോളിവുഡിലെ ഏറ്റവും ആകർഷകമായ റെഡ് കാർപെറ്റ് ഷോകളിലൊന്നായ ഓസ്കാർ 2022 ആരംഭിക്കുന്നതിന് മുമ്പുതന്നെ വിവാദത്തിലായിരുന്നു. നിശിത വിമർശനങ്ങൾക്കിടയിലും, എട്ട് അവാർഡുകൾ വേദിക്ക് പുറത്ത് അക്കാദമിയുടെ സോഷ്യൽ മീഡിയ ഹാൻഡിൽ വഴി പ്രഖ്യാപിച്ചു. അതിൽ 4 എണ്ണവും ഡ്യൂൺ നേടി.

ട്വിറ്റർ വഴിയുള്ള വോട്ടുകളുടെ അടിസ്ഥാനത്തിൽ 'ഓസ്കാർ ചിയർ മൊമെന്റ്' എന്ന പേരിൽ ആരാധകരുടെ പ്രിയപ്പെട്ട അവാർഡും ഈ കൊല്ലം നൽകിയിരുന്നു.



*വിൽ സ്മിത്ത്*



*ജെസീക്ക ചെസ്തെയിൻ*

# ക്രിക്കറ്റ് മൈതാനം ഇനി ശ്രീ'ശാന്തം'

**വൈശാഖ് പി. ശശി**

മുൻ ഇന്ത്യൻ താരം എസ്. ശ്രീശാന്ത് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ഇന്ത്യൻ ടീമിനായി ക്രിക്കറ്റ് മൈതാനത്തു നിരവധി മികവുറ്റ പ്രകടനങ്ങൾ സമ്മാനിച്ച താരമാണ് ശ്രീശാന്ത്. ഐ.പി.എൽ ഒത്തുകളി വിവാദത്തിൽ കുരുങ്ങി വിലക്ക് നേരിട്ട് ഏറെക്കാലം കളിക്കളത്തിൽ നിന്നും വിട്ടുനിന്ന ശേഷം ക്രിക്കറ്റിലേക്ക് തിരിച്ചെത്തിയ അദ്ദേഹം വീണ്ടും മത്സരരംഗത്ത് സജീവമാകുന്നതിനിടെയാണ് വിരമിക്കൽ പ്രഖ്യാപിച്ചത്. ആഭ്യന്തര ക്രിക്കറ്റിൽ നിന്ന് വിരമിക്കാനുള്ള തീരുമാനം പെട്ടെന്ന് എടുത്തതല്ലെന്ന് വെളിപ്പെടുത്തിയ അദ്ദേഹം ക്രിക്കറ്റ് അനുഭവങ്ങൾ തുറന്നെഴുതുന്ന തന്റെ ആത്മകഥ ഓണത്തിന് മുൻപ് പ്രതീക്ഷിക്കാമെന്നും അറിയിച്ചു. കഴിഞ്ഞ രഞ്ജി ട്രോഫി സീസണിൽ കേരളത്തിന് വേണ്ടിയാണ് അവസാനമായി 39 കാരനായ ശ്രീശാന്ത് കളിച്ചത്. കോഴ വിവാദത്തിന് ശേഷം ഏറെ നാളുകൾക്ക് ശേഷമാണ് ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ ശ്രീശാന്ത് കളിച്ചത്. മേഘാലയയ്ക്കെതിരായ മത്സരത്തിൽ 12 ഓവറിൽ 40 റൺസ് വഴങ്ങി രണ്ട് വിക്കറ്റുകൾ നേടിയിരുന്നു അദ്ദേഹം. ഇന്ത്യൻ ക്രിക്കറ്റിന്റെ ചരിത്രത്തോട് ചേർന്നു നിൽക്കുന്ന താരമാണ് ശ്രീശാന്ത്. 2005 ഒക്ടോബറിൽ അരങ്ങേറ്റം കുറിച്ച അദ്ദേഹം ഇന്ത്യയ്ക്ക് വേണ്ടി 27 ടെസ്റ്റുകളിൽ നിന്നായി 87 വിക്കറ്റുകൾ നേടി. 53 ഏകദിനങ്ങളിൽ നിന്നായി 75 വിക്കറ്റും 10 ടി20കളിൽ നിന്നായി 7 വിക്കറ്റുകളും ശ്രീശാന്ത് നേടി. ഇന്ത്യയുടെ രണ്ട് ലോകകപ്പ് വിജയങ്ങളിൽ ശ്രീശാന്ത് പങ്കാളിയായിരുന്നു. 2007ലെ ടി20 ലോകകപ്പിലും 2011ലെ ഏകദിന ക്രിക്കറ്റ് ലോകകപ്പിലും ഇന്ത്യയുടെ പേസ് തുറുപ്പ് ചീട്ടായി ശ്രീശാന്തും ഉണ്ടായിരുന്നു.

കളിക്കളത്തിലെ അസഭ്യ പെരുമാറ്റത്തിന് നിരവധി തവണ പഴി കേട്ടിരുന്നെങ്കിലും ഐപിഎൽ സ്പോട്ട് ഫിക്സിങ് വിവാദമായിരുന്നു അദ്ദേഹത്തിന്റെ കരിയറിൽ യഥാർത്ഥ കരിനിഴൽ വീഴ്ത്തിയത്. ഇതേത്തുടർന്ന് വർഷങ്ങളോളം ക്രിക്കറ്റിൽനിന്ന് ശ്രീശാന്തിന് മാറിനിൽക്കേണ്ടി വന്നു.

എബി കുരുവിളയ്ക്കും ടിനു യോഹന്നാനും ശേഷം കേരള ക്രിക്കറ്റിൽ നിന്ന് ഇന്ത്യൻ ടീമിലേക്ക് കാര്യമായി ആരും എത്താതിരുന്ന കാലത്താണ് ശ്രീശാന്ത് ഇന്ത്യൻ കുപ്പായം അണിയുന്നത്. എല്ലാ വൻകരകളിൽ നിന്നും, ലോകക്രിക്കറ്റിലെ അതികായന്മാർപോലും ശ്രീയുടെ വെടിയുണ്ട പോലുള്ള പന്തുകൾക്ക് മുന്നിൽ പതറിപ്പോയതിന് ചരിത്രം സാക്ഷിയാണ്. സ്വിങ്ങുകൾ കൊണ്ട് മായാജാലം കാണിക്കാൻ ആ പേസ് ബോളർക്ക് കഴിഞ്ഞിരുന്നു.

മലയാളികളുടെ സ്വകാര്യ അഹങ്കാരമായി മാറിയ അദ്ദേഹം കോഴ കേസിൽ ഉൾപ്പെട്ടു കരിയർ നാടകാന്ത്യത്തിൽ എത്തുമ്പോഴും സച്ചിനും റെയ്നയും ഹർഭജൻ സിംഗും അല്ലാതെ മറ്റാരും ഈ വിരമിക്കൽ വാർത്തയോട് പ്രതികരിച്ചില്ല. വിരമിച്ചാലും തനിക്ക് മുമ്പിൽ കോച്ചിംഗ് സാധ്യതകൾ നിലനിൽക്കുന്നുണ്ടെന്നും ഭാവിയിൽ ഐപിഎൽ ടീമുകളിൽ ഏതെങ്കിലും റോളിൽ തന്നെ കണ്ടേക്കാമെന്നും അതിനുള്ള ചർച്ചകൾ നടക്കുന്നുണ്ടെന്നും അറിയിച്ചതിന് പിന്നാലെ സിനിമയിലും താൻ സജീവമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



*ശ്രീശാന്ത് ഓസ്ട്രേലിയക്കെതിരായ മത്സരത്തിനിടെ*

## ഓസ്ട്രേലിയൻ ഇതിഹാസ സ്പിന്നർ ഷെയിൻ വോൺ അന്തരിച്ചു

**ആദർശ് കെ.**

ലോക ക്രിക്കറ്റിലെ എക്കാലത്തെയും മികച്ച സ്പിന്നർമാരിലൊരാളായിരുന്ന ഓസ്ട്രേലിയൻ ഇതിഹാസം ഷെയിൻ വോൺ അന്തരിച്ചു. തായ്ലൻഡിലെ കോ സമൂവിൽ വെച്ചായിരുന്നു അൻപത്തിരണ്ടുകാരന്റെ അന്ത്യം. ഹൃദയാഘാതമാണ് മരണത്തിന് കാരണമെന്നാണ് വോണിന്റെ മാനേജ്മെന്റ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നത്. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ വോണിന് കോവിഡ്19 ബാധിച്ചിരുന്നു.



*ഷെയിൻ വോൺ*

എക്കാലത്തെയും മികച്ച ലെഗ് സ്പിന്നറായിരുന്ന അദ്ദേഹം 708 ടെസ്റ്റ് വിക്കറ്റുകളും 293 ഏകദിന അന്താരാഷ്ട്ര വിക്കറ്റുകളും നേടിയിട്ടുണ്ട്. കൂടാതെ ഓസ്ട്രേലിയയ്ക്കായി എല്ലാ ഫോർമാറ്റുകളിലുമായി 300ലധികം മത്സരങ്ങൾ കളിച്ചു.

ചരിത്രത്തിലെ മറ്റേതൊരു ബൗളറെക്കാളും കൂടുതൽ ആഷസ് വിക്കറ്റുകളും വോൺ നേടിയിട്ടുണ്ട്. എക്കാലത്തെയും മികച്ച ബൗളർമാരിൽ ഒരാളായി കണക്കാക്കപ്പെടുന്ന വോൺ, 15 വർഷത്തെ കരിയറിൽ 1000 അന്താരാഷ്ട്ര വിക്കറ്റുകൾ നേടി. 2007ൽ വിരമിച്ചതിന് ശേഷം, കമന്റേറ്ററായി വോൺ വിജയകരമായ പ്രകടനം കാഴ്ച വച്ചു. കൂടാതെ ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ഉദ്ഘാടന സീസണിൽ രാജസ്ഥാൻ റോയൽസിനെ വിജയത്തിലേക്ക് നയിച്ചു.

# ചതുരംഗ തേരോട്ടം

- ഇന്ത്യയുടെ പ്രായം കുറഞ്ഞ ചെസ്സ് ചാംപ്യൻ
- അട്ടിമറിച്ചത് ലോക ചാംപ്യൻ മാഗ്നസ് കാൾസണെ



*ആർ പ്രഗ്നാനന്ദ*

**മിഥുൻ എം. വി**

**മുംബൈ** : എയർതിംഗ് മാസ്റ്റേഴ്സ് ഓൺലൈൻ റാപ്പിഡ് ചെസ് ടൂർണമെൻറിൽ ലോക ചാമ്പ്യൻ മാഗ്നസ് കാൾസണെ അട്ടിമറിച്ച് ഇന്ത്യയുടെ 16 കാരൻ ഗ്രാൻഡ് മാസ്റ്റർ ആർ പ്രഗ്നാനന്ദ. ടൂർണമെൻറിൻറെ 8-ാം റൗണ്ടിലാണ് പ്രഗ്നാനന്ദ അത്ഭുത ജയം സ്വന്തമാക്കിയത്. തുടർച്ചയായി മൂന്ന് മത്സരങ്ങൾ ജയിച്ചെത്തിയ കാൾസണെ കറുത്ത കരുക്കളുമായി കളിച്ച പ്രഗ്നാനന്ദ 39 നീക്കങ്ങളിലായാണ് അടിയറവ് പറയിച്ചത്.

ടൂർണമെൻറിലെ എട്ട് റൗണ്ടുകൾ കഴിഞ്ഞപ്പോൾ എട്ടു പോയൻറുമായി പന്ത്രണ്ടാം സ്ഥാനത്താണ് പ്രഗ്നാനന്ദ. എയർതിംഗ്സ് മാസ്റ്റേഴ്സ് ഓൺലൈൻ റാപ്പിഡ് ചെസ്സ് ടൂർണമെൻറിൽ ജയത്തിന് മൂന്ന് പോയൻറും സമനിലക്ക് ഒരു പോയൻറുമാണ് ലഭിക്കുക. ആദ്യ ഘട്ടത്തിൽ ഏഴ് റൗണ്ടുകൾ കൂടി ഇനി അവശേഷിക്കുന്നുണ്ട്.

ആദ്യ റൗണ്ടുകളിൽ ലെവ് അരോണിയനെ തോൽപിച്ച പ്രഗ്നാനന്ദ രണ്ട് സമനിലയും നാല് തോൽവിയും വഴങ്ങിയിരുന്നു. കാൾസണെതിരായ അത്ഭുത വിജയം എങ്ങനെയാണ് ആഘോഷിക്കുക എന്ന ചോദ്യത്തിന് കിടന്നുറങ്ങിയിട്ട് എന്നായിരുന്നു പ്രഗ്നാനന്ദയുടെ മറുപടി.

ഇതോടെ കാൾസണെ തോൽപ്പിക്കുന്ന മൂന്നാമത്തെ ഇന്ത്യൻ താരമായിരിക്കുകയാണ് പ്രഗ്നാനന്ദ. നേരത്തെ വിശ്വനാഥൻ ആനന്ദും ഹരികൃഷ്ണനും കാൾസണെ പരാജയപ്പെടുത്തിയിരുന്നു.

ഇന്ത്യൻ ചെസ്സ് ഗ്രാൻഡ് മാസ്റ്ററായ രമേഷ് ബാബു പ്രഗ്നാനന്ദ ജനിക്കുന്നത് 2005 ആഗസ്റ്റ് 10നാണ്.

ഇന്റർനാഷണൽ മാസ്റ്ററായ തന്റെ സഹോദരി വൈശാലി രമേശ് ബാബുവിൽ നിന്നാണ് തനിക്കും ചെസ്സിനോട് താത്പര്യമുണ്ടായതെന്ന് പ്രഗ്നാനന്ദ പറയുന്നു. അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന താരമായിരിക്കുമ്പോഴും തമിഴ്നാടിന്റെ സംസ്കാരത്തേയും ഭക്ഷണത്തേയും എന്നും നെഞ്ചോട് ചേർക്കുകയാണ് പ്രഗ്നാനന്ദ.

കാൾസണെതിരായ ചരിത്ര ജയത്തിന് ശേഷം രണ്ട് വിജയങ്ങളാണ് പ്രഗ്നാനന്ദ സ്വന്തമാക്കിയത്. ലോക ചാമ്പ്യനായ അലക്സാന്ദ്ര കോസ്റ്റെനിയുക്ക്, റാങ്കിങ്ങിൽ തന്നെക്കാൾ മുകളിലുള്ള റഷ്യയുടെ ആൻഡ്രെ എസിപെൻകോ എന്നിവർക്കെതിരെയാണ് പ്രഗ്നാനന്ദ അട്ടിമറി ജയം നേടിയത്. ഇതോടൊപ്പം തന്നെ കരുത്തനായ നോദിർബെക് അബ്ദുസത്തറോവിനെതിരായ മത്സരം സമനിലയാക്കാനും പ്രഗ്നാനന്ദയ്ക്ക് കഴിഞ്ഞിരുന്നു.

അത്ഭുതകരമായ നേട്ടം സ്വന്തമാക്കിയ ഈ ഗ്രാൻഡ് മാസ്റ്റർക്ക് അഭിനന്ദനവുമായി ഇന്ത്യയുടെ മാസ്റ്റർ ബ്ലാസ്റ്റർ സച്ചിൻ ടെൻഡുൽക്കർ രംഗത്തെത്തി.

ചീഫ് എഡിറ്റർ : **സുരേഷ് കെ. എസ്.**
ഇഷ്യൂ എഡിറ്റർ : **മാഗി ജെ.**

എഡിറ്റോറിയൽ ബോർഡ്:
**ഗോകുൽ കൃഷ്ണ പി. എസ്.**
**ഷഹാന എം. ടി.**
**വൈശാഖ് പി. ശശി**
**അനുജ പി. എസ്.**

ഡിസൈൻ : **ഗോകുൽ കൃഷ്ണ പി. എസ്.**
സ്റ്റുഡന്റ് എഡിറ്റർ : **അനുജ പി. എസ്.**
എഡിറ്റോറിയൽ & ഡിസൈൻ അസിസ്റ്റന്റ്സ് :
**രഞ്ജിത്ത് ആർ.**

http://dcjku.in/
dcjkerala@gmail.com